മന്ത്രിയുടെ മകൾ

ഗ്രന്ഥകർത്താ:

വെങ്കടാമംഗലം പപ്പുക്കുട്ടി

നാഷനൽ ബുക്ക് സ്റ്റാൾ

കളരിക്കൽ ബസാർ, കോട്ടയം

വില ഒരു രൂപ

കവിതകൾ

		പേജ്
1	പാഴ്ക്കിനാവിൽ	9
1	തേവനും കീരനും തേവിടുമ്പോൾ	15
3	വിരുന്നുകാർ	20
4	അവരറിഞ്ഞില്ല	23
5	മരച്ചുവട്ടിൽ	27
3	സ്വാതന്ത്ര്യഘോഷം	31
7	ഗുരുവും ശിഷ്യനും	34
8	കാട്ടുതീ	38
9	അവരുടെ ഓണം	40
10	പ്രതീക്ഷകൾ	44
11	കാമുകൻ വന്നു	48
12	രാമരാജ്യം	51
13	പറക്കുന്ന കുട്ടി	54
14	പേപ്പട്ടി	57
15	മാറിനിന്നീടുവിൻ	63
16	നില്ക്കയാണവർ	64
17	ജനകീയനേതാവേ കൺതുറക്കൂ	66
18	മന്ത്രിയുടെ മകൾ	70

പാഴ്ക്കിനാവിൽ

യുവതി:—

ആകാശം വർഷിച്ചോരമൃതം പോലെയി-
ന്നാഗതനായവൻ തോഴീ.
ആശകളാനന്ദം പൂശിത്തുടങ്ങവേ
ആ വഴി വിട്ടവൻ പോയി.
പ്രത്യഹംഭാവന പൂജിച്ചിരുന്നവൻ
പ്രത്യക്ഷമായിന്നു തോഴീ.
കാണാൻ കൊതിച്ചു ഞാൻ ചെന്നപ്പോഴും പെട്ടെന്നു
നാണമെൻ കണ്മിഴി മൂടി.
എങ്കിലും കണ്ടു ഞാൻ കോൾമയിർക്കൊണ്ടുപോയ്
എൻകരളിൽ തിങ്ങുമാ രൂപം.

സഖി:—

ആരവനെൻസഖി നിന്മനമിങ്ങനെ
കോരിത്തരിപ്പിക്കും കേമൻ!
ദാരുണമായൊരീ ക്രൂരതന്നുള്ളത്തടം
ചോരണം ചെയ്യുമാ ധീമൻ!!

യുവതി:—

കൂരിരുൾ മൂടിയാ മൂകമാം രാത്രിയി-
ന്നാരുദിച്ചു ശശിപോലെ?
ആശയെ ലാളിച്ചൊരാശയം പാടിയ-
ന്നാരുവന്നു കുയിൽപോലെ?
നാട്ടിലും കാട്ടിലും ക്രുദ്ധമായ് പട്ടാളം
വേട്ടയാടുന്നൊരാ നാളിൽ,
കാട്ടുതീ മുട്ടിയ കേസരി പോൽ ചില്ല-
രോട്ടം തുടങ്ങിയാ രാവിൽ,
വാടിത്തളർന്നു വിശന്നു വിറച്ചെന്റെ
മാടത്തിലാർവന്നു കേറി?
മാധുര്യം ചോരുന്ന വാക്കിനാൽ, നോക്കിനാൽ,
മാനസമാരു കൈക്കേറി?
കണ്ടു ഞാൻ കണ്ടു ഞാനാവഴിമുക്കിലാ
തണ്ടലർ ബാണനെ തോഴീ.

സഖി:—

ആരവനാരവൻ നിന്നിലീ മാധുര്യം
ഉകോരിച്ചൊരിഞ്ഞീടും വീരൻ!
നാരക യാതനയ്ക്കിലുംപൂത്ത പുഞ്ചിരി
ഹാരമായ് നൾകീടും ധീരൻ!!

യുവതി:—

മംഗളവേദിപോലാവഴി ഭംഗിയിൽ
മുങ്ങിക്കുളിച്ചിന്നു മേവി.
ആളുകൾ തിങ്ങിനിന്നാദരമാല്യങ്ങൾ
ആ ഗളനാളത്തിൽ ചാർത്താൻ.
സ്വാഗതഗീതങ്ങൾ നീളത്തിൽ പൊങ്ങവേ
ആഗതനായവൻ തോഴി.
അന്നു ഞാൻ കണ്ടോരാക്കേഴുന്ന കണ്ണുകൾ-
ക്കിന്നു സന്തുഷ്ടി തൻകാന്തി.
അന്നത്തെ പ്രാകൃതവേഷമല്ലാ സഖി
ഇന്നവൻ കോമള രാജൻ
നെഞ്ചിടിപ്പില്ലിന്നു ചഞ്ചലമില്ലിന്നു
പുഞ്ചിരി തൂകിയാപ്പോക്കിൽ.

സഖി:—

എന്തെന്തു മത്സഖീ, നീയേതുലോകത്തിൽ
പന്താടി നിന്നോവം ചൊൽവൂ

ആ വഴിയിന്നൊരു മന്ത്രിയെ വാഴ്ത്തുവാൻ
ആരവം കൂട്ടി ഞാൻ കേട്ടു.
ഇന്നാലെക്കൊള്ളയ്ക്കു പന്തം പിടിച്ചവ-
രിന്നു വാലാട്ടിയാരോട്ടിൽ
ആയതിലിത്രയും വെമ്പലും തോഷവും
നീയണിഞ്ഞീടുവാൻ കാര്യം?
പട്ടണിപ്പാതകൾ മന്ത്രിമാർ പാക്കട്ടെ
പട്ടിണിക്കെന്തതിൽ കാര്യം?

യുവതി:—

മന്ത്രിയാണെങ്കിലും ഏത്തടത്തിൻ മൂട്ട
തന്ത്രിയിലുണ്ടൊരു ഗാനം.
മാടത്തിനുള്ളിലെ മാടത്തകത്തിനെ
മാനത്തേയ്ക്കെത്തിച്ച ഗാനം.
ഭാവിക്കു പൂവിടാൻ ഭാവനയേകിയ
ഭാസുരമായ സമ്മാനം.
ഓമനിച്ചോമനിച്ചന്നവൻ തന്നൊരാ
പ്രേമം നിറച്ച വാഗ്ദാനം.
മന്ത്രിയാണെങ്കിലും മാനസമക്കഥ
മന്ത്രിക്കതൊക്കുമോ തോഴീ?
പോയാലും മായാത്തൊരോർമ്മയിൽ ചിന്തകൾ
പായാതിരിക്കുമോ തോഴീ?
ആ വഴി കാണുമ്പോൾ പൂവിതൾ പെയ്യുമ്പോൾ
പാവം പറഞ്ഞതിന്നോർക്കും.

ഭാവംപകർന്നവൻ വെമ്പിത്തപിച്ചിട്ടാ-
പാവന രംഗമിന്നോർക്കും.
പക്ഷേ, പകച്ചവൻ പാഞ്ഞുവന്നൊരത്തിട്ടാ-
മിക്ഷണമെൻകുടിൽ തേടി.

സഖി:—

ആകാശസൗധത്തിലാശതൻ മഞ്ചത്തി-
ലാടിയിരിക്കുന്ന മൂഢേ!

അന്നേ തകർന്നൊരാ രംഗവും വാക്കുമോ-
ർത്തിന്നും ജപിക്കുകയാണോ

പാവമേ! പാവമേ! പാഴ്ക്കിനാവിന്നൊരു
പാവയായ്പ്പോയല്ലോ നീയും.

മന്നവതുല്യനാം മന്ത്രിയുണ്ടോ സഖീ
പണ്ടവാഗ്ദാനങ്ങളോർപ്പൂ.

ഉറ്റവരേയും മറന്നവരാണപ്പോൾ
ചെറ്റക്കുടിലിനെയോർപ്പൂ.

പൂഴിക്കൊരു വിലയെന്തിനായെൻ സഖീ
പാഴിലാക്കുന്നു നിൻ ഭാവി.

മാളികത്തട്ടിലെ മാൻമിഴിക്കുഞ്ഞിന്റെ
മാധുര്യമുണ്ണുന്ന കീടം
പാടത്തിറങ്ങുമോ പാലൊളിപ്പൂവിന്റെ
പാവനലാവണ്യം കാണ്മാൻ.

യുവതി:—

കെട്ടിയുയർത്തിയാ കോമള സൗധങ്ങൾ
പൊട്ടിത്തെറിച്ചുപോയെന്നോ
നട്ടുവളർത്തിയ മന്ദാരത്തൈമരം
വെട്ടിമുറിച്ചുപോയെന്നോ
വാഴ്ത്തി ഞാൻ ലാളിച്ചുവന്നതു കേവലം
പാഴ്ക്കിനാവായെന്നോ തോഴീ!

സഖി:—

നെഞ്ചകം നീറുന്ന വഞ്ചനയിങ്ങനെ
സഞ്ചരിക്കുന്നോരീ നാട്ടിൽ
നീയല്ല ഞാനല്ല, സർവ്വരും മുങ്ങുന്നു
നീന്തുന്നു, പാഴ്ക്കിനാവിങ്കൽ.

7. 10. 1124.

തേവനും കീരനും തേവിടുമ്പോൾ

തേവൻ:—

കീരാ, കേട്ടുവോ, പിന്നെയും വന്നെടാ
കീറാമുട്ടികൾ പുത്തനായി.
തുണ്ടായ്പ്പൂണ്ടുമുറിച്ചു നാടൊക്കെയും
തുന്നിക്കൂട്ടലായ് കോട്ടകെട്ടാൻ
കൊച്ചീരാജ്യമീവഞ്ചിയിൽ കെട്ടിയാൽ
പിച്ചപ്പാള പൊന്നാകുമെന്നായ്
ഉച്ചത്തിൽ ചിലർ കൂവുന്ന കേട്ടില്ലേ
ഉച്ചപ്പട്ടിണിക്കൂരനോക്കി.

കീരൻ:—

തേവാ, തേവെടാ, കിണ്ണാരം കേൾക്കാതെ
തേവൂ നീ നിന്റെ പാട്ടുനോക്കി
പാഴായ്പ്പേച്ചുമാപ്പഞ്ചാരവാക്കുകൾ
പാടം വന്നു നനയ്ക്കുകില്ല.
രണ്ടാണാകിലും കൊത്താതെ തേവാതെ
കണ്ടത്തിൽ കൃഷി കേറുകില്ല.
വേലക്കാരന്റെ വേർപ്പുകൊണ്ടല്ലാതെ
പാലും തേനുമൊഴുക്കലില്ല.

രാജ്യം കൂടട്ടെ, മാറട്ടെ മേൽഗതി
പൂജ്യം നമ്മളീ തുമ്പവച്ചാൽ.

കൂട്ടികെട്ടുന്ന വീരരും പെട്ടെന്നു
ഞെട്ടും നമ്മളും കൈകെട്ടിനിന്നാൽ.

തോക്കും ലാത്തിയും പാടിവീഴും നമ്മൾ
തേക്കും, പൂട്ടലും വിട്ടുപോന്നാൽ.

തേവാ, തേവടാ നമ്മുടെ നാടിന്നു,
ജീവൻ കേറുവാൻ തേവു തേവൂ!

തേവൻ:—

കേട്ടോ, പിന്നെയും പൊരട്ടെണ്ടാം ഞങ്ങൾ
പൊട്ടക്കൂട്ടരേ പാട്ടിലാക്കാൻ.

പാണ്ടിക്കാരനും സായിപ്പും പോയപ്പോളും
തീണ്ടും തൊണ്ടലും തീർന്നുവെന്നോ.

പണ്ടേ, ചത്തൊരാ മാവേലിത്തമ്പുരാൻ
വീണ്ടും വന്നു ജനിക്കുമെന്നോ.

വോട്ടെന്നുള്ളൊരു വിദ്യയാൽ ചോറിനി-
ച്ചട്ടിക്കുള്ളിൽ മുളക്കുമെന്നോ;

ഇഷ്ടംപോലെയീ തേവനും മന്ത്രിയായ്
പട്ടം കെട്ടിടാം നാളെയെന്നോ.

കീരാ, തേവനോ പാവനോ പിന്നെഞാൻ
പോരേ മന്ത്രിയായ് നാടുവാണാൽ?

കീരൻ:—

തേവാ, നോക്കടോ, പോത്തും ചിരിക്കുന്നു=
പേവാക്കിന്റെ പെരുപ്പമോർത്ത്.
മാടായിട്ടു മനുഷ്യരെ മേയ്ക്കുവാൻ
പാടും പാട്ടുവനെത്ര കേട്ടു.

കോട്ടും തൊപ്പിയുമിട്ടവർ കൂട്ടമായ്
വോട്ടും തെണ്ടിനടന്നനാളിൽ.
പൂട്ടിക്കെട്ടിയുടച്ചിട്ടും പാടത്തും
നട്ടുച്ചയ്ക്കവർ വന്നുപാടി.

അന്നാക്കണ്ടജനങ്ങളെയൊക്കെയും
പൊന്നാക്കീടുന്ന പാട്ടുപാടി.
പിന്നത്തെക്കഥ നമ്മളറിഞ്ഞില്ലേ
ചിന്നാൻപോത്തിനുമോർമ്മയില്ലേ.

പാടംതന്ന വിളവുകളൊക്കെയും
പാടേ വന്നവർ കണ്ടുകെട്ടി.
കഷ്ടപ്പെട്ടവർക്കൊക്കെയും കൂലിയായ്
കുട്ടപ്പട്ടിണിച്ചീട്ടുകിട്ടി.

വേട്ടയ്ക്കായിട്ടാക്കാളെറയും വന്നു
കൂട്ടംകൂട്ടമായ് കൊന്നുകൂട്ടി.
മാടം മേയുവാൻ കച്ചിയും കിട്ടാതെ
മാനംതന്നെ മേൽക്കൂരയാക്കി.
എല്ലുംതോലുമായ് നമ്മളിഴഞ്ഞന്നു
പുല്ലുംതിന്നു കഴിഞ്ഞിടുമ്പോൾ.

പാടാൻവന്ന പ്രമാണികൾ നമ്മുടെ
പ്രാണൻകൊണ്ടു കളിച്ചിരുന്നു.

മാനംമുട്ടിയ മേടയിൽ മാന്യരായ്
മൌനംപൂണ്ടു ഭരിച്ചിരുന്നു.

തേവാ, പാടട്ടേ പാട്ടുവരികളെ
ചാവുന്നോളം മറക്കുമോ നാം.

തേവൻ:—

കീരാ, നമ്മുടെക്കൈകളും കോക്കാതീ
കീറിത്തുന്നൽകൊണ്ടെന്തുമെച്ചം.

ഈടും തിണ്ടുമിടിച്ചു പറമ്പുകൾ
കൂടിച്ചേരുവാൻ നമ്മൾ വേണം.

നാട്ടും നാടും തിരിച്ചുനിർത്തീടുന്ന
തോട്ടം തീരുവാൻ നമ്മൾ വേണം.

എന്നാലിന്നിതിൽ, നാടിന്റെ കൂടലിൽ
എന്താണീ നമ്മൾ വേണ്ടയെന്നോ?

ഓരോ നാടിനും ജീവനും രക്ഷയ്ക്കും
കീരാ, നമ്മുടെ ചോര വേണം.

ക്ഷീണം മാറുവാൻ നാണം മറയ്ക്കുവാൻ
വേണം നമ്മുടെ കയ്യുവേണം.

എന്നാലിന്നവർ കൂടുന്ന ശുദ്ധമായ്
ഒന്നിച്ചാലുമീക്കൈകൾ വേണ്ട.

കീരൻ;—

തേവാ തേവെടാ, കിണ്ണാരം കേൾക്കാതെ
തേവൂ, നീ നിന്റെ ചൊടുന്നോക്കി.
തേവാ മണ്ണാണു നമ്മുടെ നാടതിൽ
ജീവൻ വയ്ക്കുവാൻ തേവു തേവൂ.

കൂട്ടിച്ചേർക്കുവാൻ കെല്പുള്ള കൈകളെ
കൂട്ടാക്കാതവർ കോട്ടതീർത്താൽ
ഒക്കെപ്പൊട്ടിത്തകർന്നുവീഴും നമ്മൾ
ഒപ്പംനിന്നൊന്നു തുമ്മിടുമ്പോഴ്.

10. 12. 1124.

വിരുന്നുകാർ

കടൽപ്പുറത്താ വെള്ള മണൽപ്പരപ്പിൽ
കൊടിപാറുന്നു, ജയവിളി മുഴങ്ങി.
ഖദറണിഞ്ഞോർ ചിലരണിനിരന്നു
കദനമററഗീതം പൊതിത്തുറന്നു.
മനംതെളിഞ്ഞ നേരമൊരുങ്ങിവന്നു
മണം ചൊരിഞ്ഞമാല്യം കഴുത്തിൽവീണു.
സഭതുടങ്ങി, രാജ്യം സ്വതന്ത്രമായ
ശ്രുമേളത്തം വാഴ്ത്തും പദമിരങ്ങി,
കരമടിച്ചു ചിലർ തലകുലുക്കി
കരംതുടിച്ചു പലരരമുറുക്കി
അഴൽചവച്ചു ചിലരയവിറക്കി
മിഴിതുടച്ചു പലർ മൊഴിയടക്കി.
നറുചിരിച്ചു മെല്ലെക്കരയിലെന്തോ
തിരയെറിഞ്ഞു പിന്നോട്ടൊഴിമറിഞ്ഞു.

* * * *

മിഴിതുറന്നു വട്ടം പറന്നുചുററി
കഴുകനൊന്നുവന്നാവഴിമടങ്ങി.
ദുരമുഴുത്തകാകനട്ടത്തുകൊരത്താൻ
തരം പിഴച്ചു താനേ തിരിഞ്ഞുപാഞ്ഞു.

കുരകഴിഞ്ഞു മാന്തി മണ്ണുംതിരക്കി
മുരണ്ടുനേർത്ത നായും വിരണ്ടുമണ്ടി.

വെളുവെളുത്തോരെല്ലുമിളിഞ്ഞപല്ലും
തെളിഞ്ഞുകണ്ടൂ ജനം നടുങ്ങിനില്പായ്

അറച്ചുരച്ചു ചിലരട്ടഹാസമായി
വിറച്ചുവേച്ചു വീണ്ടും നടക്കയായി.

ഒഴിഞ്ഞകണ്ണനിന്നോരഴുക്കുഭാണ്ഡം
കുഴിഞ്ഞകണ്ണും ചിമ്മിയണഞ്ഞു ചാരേ

കൊഴിഞ്ഞ മോണയ്ക്കൊരു ചിരിപൊടിഞ്ഞു
മൊഴിഞ്ഞു മന്ദം പാവം കിഴവിയേവം:—

*   *   *   *

"ഭയപ്പെട്ടുന്നോ, കൊള്ളാം! മരത്തമക്കളും
ഉയർത്തെഴുന്നെല്ലുമ്പോളറച്ചിട്ടുന്നോ?

മറന്നുപോയോ പടപൊരുതിനിന്നാ-
ക്കുരുന്നുകുഞ്ഞുങ്ങളുംതൻ കുരുതിനിങ്ങളും

കഴിഞ്ഞകൊല്ലും തല്ലും വെടിയുമായി-
ക്കഴിഞ്ഞനാളീ മണ്ണു ചുവന്നാകാലം

തലതകർന്നും മെയ്യുഞെരിഞ്ഞൊടിഞ്ഞും
മലകണക്കേ മക്കൾ മറിഞ്ഞകാലം

മറന്നുപോയോ വാഴത്തടകൾപോലെ
എറിഞ്ഞതല്ലേ ശവം കടലിലന്നാൾ

നിണമൊഴിച്ചും മണ്ണുകുഴച്ചുരാജ്യം
പണിതുപോയാമക്കളും വരികയാണേ.

* * * *

വരികയാണാമക്കളരിയൊഴിഞ്ഞ
അറിയനാട്ടിൻ കഥയറിഞ്ഞുപോകാൻ
വരുന്നതാണേയിന്നീമണപ്പുറത്തെ
വിരുന്നുകാരായ് ഒന്നു സുഖിച്ചുപോകാൻ
അറിഞ്ഞതില്ലാമക്കളിവിടെയിന്നി-
യിരന്നു ചാവുന്നവരിരുന്നകാര്യം.
അറിഞ്ഞതില്ലേയവരിവിടെയിന്നും
അരമറയ്ക്കാത്തവരലഞ്ഞകാര്യം.
നിനച്ചതില്ലാമക്കളെത്തീർത്തുനേരെ
നിറയൊഴിച്ചോരിന്നു നയിക്കും കാര്യം.
നിനച്ചതില്ലേയവരിവിടെയിന്നും
നിറഞ്ഞദുഃഖം നിന്നു തിളയ്ക്കുംകാര്യം—”

* * * *

വരട്ടെ വീണ്ടും അവർ വരിവരിയായ്
വരണ്ടുവീഴുന്നോർക്ക് വഴിതെളിപ്പാൻ.

അവരറിഞ്ഞില്ല

I

അവരറിഞ്ഞതില്ലലറിക്കേഴുന്നോ-
ലകൾക്കുള്ള സന്താപം.
അവരറിഞ്ഞതില്ലഴറിപ്പായുന്നോ-
രടിയൊഴുക്കിന്റെ കോപം.
അവിടെയാലുവാപ്പുഴയരുവിലാ-
യവരുകൂട്ടിയായോഗം
അഖിലകേരളപ്രതിനിധികളായ്
അവരുകൂടിപ്പോൾ യോഗം.

III

അവിടെക്കണ്ടതില്ലമലത്ത്യാശമാ-
ന്നവണിതൻസുതന്മാരെ
കരിനുകം പിടിച്ചുരുകവേ നമ്മ-
ക്കരിതരും കൃഷിക്കാരെ.
കൊടിയയാതനയ്ക്കിടയിലും നെയ്തി-
ട്ടുടുത്തുണിതരുന്നോരെ.
പൊരിയും പാറകൾ ഭവനമാക്കുവാൻ
പൊരുതും കല്ലണിക്കാരെ

അവിടെക്കണ്ടതില്ലൊരുവരും പക്ഷേ,
അവരുകൂടിപ്പോൽ യോഗം.

III

അഖിലകേരളമഴകിൽ മുക്കിയ-
ങ്ങവതരിപ്പിക്കുംനേരം,
അവിടെക്കണ്ടതില്ലവനിപൈററതി-
ലവശരാം സുതരാരും.

വയറെരിഞ്ഞുകൊണ്ടുഴകിനാറിയാ
വഴിയേ തെണ്ടികൾപോയി.
തൊഴിലെഴാതെകണ്ടുഴൽ ചുമൺനേർ
വഴിയൊഴിഞ്ഞവർ പോയി.

അഖിലകേരളഭരണം പാക്കുവാൻ
അവിടെക്കൂടിപ്പോൽ യോഗം.
അഖിലകേരളപ്രതിനിധികളായ്
അലസർ കൂടിപ്പോൽ യോഗം.

IV

മലയാളത്തിന്റെ കലവറക്കലെ
തലയിൽ താങ്ങിടും പൂജ്യർ
സ്വജനഃക്ലേശങ്ങളറിയും ചിന്തകർ
ഭജനം പാക്കയാണെങ്ങോ.

ദുരിതം നക്കീട്ടും ധരണിക്കായ് നിണം
ചൊരിയുമത്തൊഴിലാളർ

മലയാളത്തിൻെറ മഹനീയാത്മജർ
മരണത്തീയിലാളുന്നല്ലോ

മഹിതഭാവിയിൽ മധുരംതേടേണ്ടോ
മലയാളത്തിൻെറ മക്കളും,

നവയുഗത്തിലിന്നണിനിരക്കേണ്ടോ
യുവജനങ്ങളുമല്ലോ

അവിടെയെങ്കിലുമവരുകൂടിപോൽ
അഖിലകേരളയോഗം

പഴമയിൽപ്പുതുപ്പൂക്കൾ പൂശിയ
മിഴിയിൽ മണ്ണിടും യോഗം.

V

അവരുകൂടിപോലവരുകൂടിപോൽ
അഖിലകേരളയോഗം.

അടവിൽ, മോടിയിൽ ജനകീയത്തിൻെറ
വടിവിലന്നൊരുയോഗം.

തലയും കാലുമക്കരെയും കൂട്ടാത്ത
നിലയിലന്നൊരുയോഗം.

അവശലക്ഷത്തെയവഗണിച്ചുകൊ-
ണ്ടന്നിഴറയിലെയോഗം.

അവരറിഞ്ഞതില്ലലറിവിങ്ങിയ-
ന്നരികിൽ പൊങ്ങിയാനാദം
അരമുറുക്കിയന്നെതിരിൽപ്പൊങ്ങിയോ-
രവകാശത്തിന്റെനാദം.
അവരറിഞ്ഞതില്ലവരറിഞ്ഞതി-
ല്ലവശകേരളനാദം.

26. 7. 1124.

മരച്ചുവട്ടിൽ

കരയുകയാണയാൾ, കരയുകയാണൊരു
കരിമരം ചാരിനിന്നേകനായി.

അന്നമറിഞ്ഞോരുപോലതുവഴിയപ്പോഴും
അന്നിനിറഞ്ഞാളുകൾ പാഞ്ഞുപോയി.
അനവധി വാഹന മധികാരശക്തിന്റെ
അനുപമ ദർശനം പോലെപോയി.

പ്രമുഖനാം മന്ത്രിക്കു മതിയായ സ്വാഗതം
പ്രബല പ്രമാണികൾ കാഴ്ചവച്ചു
വിപുലമാം മൈതാനം വിജനമായ് മൂകത
വിജയംകൊണ്ടാടുവാൻ വന്നുകേറി.

കരയുകയാണയാൾ, കരിമരക്കൊമ്പിന്റെ
കരിനിഴൽ പോലെ നിശ്ചേഷ്ടനായി.

മഹിതനാം മന്ത്രിതൻ മുഖമൊന്നു ദർശിക്കാൻ
മധുവാണീവർഷമൊന്നാസ്വദിക്കാൻ
അവശനാണെങ്കിലും വിവശത വിസ്മരി-
ച്ചതിദൂരെ നിന്നയാൾ വന്നതത്രേ.

ജനകീയ സ്വാതന്ത്ര്യസമരത്തിൽ കൂസാതെ
ജയിൽമർദ്ദനങ്ങൾക്കു മാറുകാട്ടി

ഭടനായി, വീരനായ്, കൊടുതായ രോഗിയായ്,
പിടയുന്ന ത്യാഗിയാണാമനുഷ്യൻ.

കരയുകയാണയാൾ കരളെരിഞ്ഞെങ്കിലും
കരുണമായപ്പോഴും മൂകനായി.

പരവായി രാവന്നു, മിരുളും പുതച്ചിട്ടാ
കരിമുകിൽക്കുന്തളം ചിക്കിവാരി
കരിമരച്ചോട്ടിലും ചിരിപിരിച്ചു ചില
തെരുവിലെക്കോലങ്ങൾ യാചകന്മാർ.

പൊരിയുന്ന വേദനയ്ക്കിരയായൊരജ്ജീവികൾ
നരകത്തിൽനാകത്തെത്തീർക്കയായി.
എരിയിച്ചു തീയിവർ പൊരിപൊങ്ങി–
ലോകത്തിൻ
കരിമായ്ക്കും വിപ്ലവ ജ്വാലപോലെ.

കരയുകയാണയാൾ മിഴിയടച്ചെന്നിട്ടും
കരിമരം പറ്റിനിന്നാർത്തനായി.

കരയുന്നതെന്തെന്നായവർ തുല്യ ദുഃഖിതർ
കരളെരിഞ്ഞൊന്നിച്ചു ചോദ്യമായി.
അഴലിന്നൊരാശ്വാസ മരുന്നൽകി, മെല്ലവേ
മിഴിയൊപ്പി നിന്നയാൾ ചൊൽകയായി:—

"ശരമൊന്നു കൊണ്ടെന്റെ യകതാരിലാമന്ത്രി–
ക്കരുളിയ സ്വാഗതമെത്തിനോർക്കേ;

സിരയെല്ലാം നീറിപ്പോയുടലാകെ
                    പ്പൊള്ളിപ്പോയ്
കരയാതെ പിന്നെഞ്ഞാനെന്തുചെയ്യും?

ഖദറിട്ട നേതാവാം, യതിഥിക്ക മാലയി-
ട്ടെതിരേററു, മുഖ്യനായ് വന്നോരത്തൻ
അവനത്രേ, നാടിൻെറ പ്രതിനിധിപോലും ഹാ!
അവനത്രേ മന്ത്രിയും ഹസ്തമേകി!

തടവിലെ രാഷ്ട്രീയ ഭടരുടെയെല്ലാം
തവിടാക്കാനിന്നാളീ നാട്ടുതോറും
ഇടിവണ്ടിയോടിപ്പോ "രിടിവെപ്പുള്ള" യാ-
ക്കടിലനാം, ഞാം മഹാമാന്യദേഹം!

അതുകണ്ടമാത്ര തൊട്ടിടിവെട്ടാണീയെൻെറ
അകമെല്ലാം തീമഴച്ചാററലത്രേ!
കരയട്ടേ, യപ്പാപം കഴുകുവാനായി ഞാൻ
കരയട്ടേ, കണ്ണീരിൽ മുങ്ങിമുങ്ങി—"

ചിരിതൂകി യാചകരതു കേട്ടിട്ടെന്നാലും
ഒരുമിന്നലുള്ളിലവർക്കുമുണ്ടായ്
ചരിത്രപ്പണായോരാപ്പുരിശുദ്ധനോടവർ
പരമാർത്ഥം പാടേ തുറന്നുചൊല്ലി:—

"കരയേണ്ട ചങ്ങാതീ, ഖദറിന്നു, കേഴുന്നാ
കരത്തിന്നും ചെന്നായായ് മാറിയെങ്കിൽ

മന്ത്രിയുടെ മകൾ

വരുനമ്മൾക്കൊന്നിച്ചു പൊരുതീടാമിക്കാണു-
മീരുൾകണ്ടു പേടിച്ചു മണ്ടിടേണ്ട.

കരയേണ്ട നാമെല്ലാമൊരുമിച്ചാലിച്ചുള്ളി
ക്കരമെല്ലാം കാരിരുമ്പായി മാറും
ഒരുനാളിലിക്കണ്ണീർക്കണമെല്ലാം നീക്കുമന്നോ-
രരുണന്റെ വാഴ്ചയും വന്നുചേരും.

20. 6. 1950

സ്വാതന്ത്ര്യഘോഷം

ജേതാക്കളും, നേതാക്കളാം മഹാന്മാർ
സ്വാതന്ത്ര്യഘോഷം മുഴക്കിനിൽപ്പൂ!
സ്വർണ്ണക്കൊടിമരത്തിൻ ശിരസ്സിൽ
വർണ്ണപ്പതാക പറന്നുകേറി.
ലാത്തിയും തോക്കുമകമ്പടിയായ്
കാത്തുനിന്നാക്കൊടിക്കീർത്തിപാടി

അക്രമരാഹിത്യ ച്ചുട്ടകീറി
വിക്രമൻ ക്രൂരത മട്ടുമാറി
കാലം മറിഞ്ഞതു കണ്ടരുണൻ
കാലേ തലയുയർത്തിനോക്കി.

X X X

ജേതാക്കളും നേതാക്കളാം മഹാന്മാർ
സ്വാതന്ത്ര്യസൗധം തുറന്നിടുന്നു.
പട്ടോല നോക്കിപ്പടിപ്പുരക്കൽ
പട്ടാളമെല്ലാം നിരന്നിടുന്നു.
പട്ടാഭിഷേകം കൊതിച്ചിടുന്നോർ
പട്ടാംബരങ്ങൾ ധരിച്ചിടുന്നു.
ആനന്ദത്തിന്റെ മണിയറയിൽ
ഗാനമൊഴുക്കി സുഖംശയിപ്പൂ.

കാമുകർ ചുററിലും ചെണ്ടുകൂട്ടി
പ്രേമപ്രസാദമിരന്നുനിൽപ്പൂ

x x x

ജേതാക്കൾ നേതാക്കളാം മഹാന്മാർ
സ്വാതന്ത്ര്യമാർഗ്ഗമലങ്കരിപ്പൂ!
ദേശാഭിമാനികൾ ത്യാഗപൂർവ്വം
ക്ലേശമശിച്ചവരെങ്ങിരിപ്പൂ?
കൽത്തുറുങ്കിൻെറ ചെളിത്തറയിൽ
ചത്തുപോകാതെ ചിലർ കിടപ്പൂ
നാവുകൾകെട്ടി നടക്കൊല്ലത്തിൽ
മേവിടുന്നൊട്ടുപേരങ്ങു മീണ്ടും.
യുദ്ധം ജയിച്ചവർ, വീരയോധർ
വിദ്ധ്വംസകരായ്, വിലങ്ങിലായി
മർദ്ദനമേററവർ ചോരതുപ്പി
നിർദ്ധനരായി നികൃഷ്ടരായി.

x x x

ജേതാക്കൾ നേതാക്കളാം മഹാന്മാർ
സ്വാതന്ത്ര്യസൗഖ്യം സ്വയംസ്വദിപ്പൂ
പട്ടിണിമർത്ത്യരെ വേട്ടയാടി
പട്ടതിന്നുന്ന പെരുവഴിയിൽ
വ്യാധിഭൂതങ്ങളലർച്ചയോടെ
വാരിവിഴുങ്ങുന്നു കണ്ടതെല്ലാം

നാണം മറയ്ക്കാതെ നാരിപോലും
കേണുരുളുന്നു നിരത്തുനീളെ
ഓമനക്കുഞ്ഞുങ്ങൾ ചത്തടിഞ്ഞു
ഓടകൾപോലും നികന്നിടുന്നു.
പഞ്ഞത്തക്കുടിലുകളഗ്നിതൊട്ട
മഞ്ഞുനീർപ്പോളപോൽ മാഞ്ഞിടുന്നു.
സ്വാതന്ത്ര്യഘോഷമിതാർക്കു? സ്വന്തം
ഭ്രാതാക്കളേവ മൊടുങ്ങിടുമ്പോൾ.

21. 10. 1121.

ഗുരുവും ശിഷ്യനും

1

അന്നത്തെപ്പ്രഭാതവും ദേശീയവേഷം കെട്ടി
മിന്നിടും ത്രിവർണ്ണപ്പൂമ്പട്ടുടുത്തരങ്ങത്തായ്
കൂടിലിൻ വൈരൂപ്യങ്ങൾ മൂടുമാറാകാശത്തിൽ
കൊടികൾ പാറിപ്പാറി മാരിവില്ലുടിപ്പിച്ചു.
ക്ഷാമത്താലെല്ലുന്തിയാഗ്രാമവും സുഭിക്ഷശ്രീ
രമ്യമായ്ത്തീർന്നു ഫലക്കുലകൾ കെട്ടിച്ചുറ്റി
മൂകതമേന്തിടുന്ന മൈതാനമന്നാൾ ലോക-
നാകമായലങ്കാരമോടിയാൽ കണ്ണഞ്ചിച്ചു.
അത്താഴം ചെന്നൊത്താത്തോരാധിയാലന്നേരത്തും
കത്തുന്നവയർപോലും വിസ്മരിച്ചന്നാട്ടുകാർ
ആഗമിച്ചീടും ജനമന്ത്രിക്കു ഹാരം ചാർത്തി
സ്വാഗതം ചൊല്ലാൻ കാത്തുനില്ക്കയായ് മഹോത്സുകർ
ആകുലം മാറിക്കിട്ടാൻ മന്ത്രിയേ മാനിച്ചൊന്നു
സ്വീകരിക്കാഞ്ഞാലത്തു പൊറുക്കില്ലെന്നോർത്തവർ
അഞ്ചാറുമാസക്കാലം പിഴിഞ്ഞാഗ്രാമത്തിൻെറ
ചെഞ്ചോരയൂറ്റീട്ടത്രേയക്കാര്യം സാധിച്ചതും.

2

നേരമായ്, ജനകീയമന്ത്രിക്കു ജയാരവം
ഘോരമായ് മുഴങ്ങിപ്പോ,യെഴുന്നള്ളത്തായ് മന്ത്രി.

രാജകീയാഡംബരരാജിതം കാറിൽനിന്നാ
പ്പൂജിതൻ പുറത്തായി, വില്ലുക്കാർ വഴികാട്ടി.
അന്നോളം ജനക്കൂട്ടം കാണുമ്പോഴും കൂമ്പും കരം
അന്നഹോ ചലിച്ചീലായന്തസ്സിൻബന്ധംമൂലം.
ആരിലും പൊഴിച്ചീടും പുഞ്ചിരിയൗദ്യോഗിക
ഗൌരവം പൂട്ടിക്കെട്ടിവച്ചുയാൽ തുറന്നില്ല.
സ്വാഗതസംഘാദ്ധ്യക്ഷൻ മാലയിട്ടിട്ടും പാദം
വേഗതകുറച്ചില്ല, മുന്നോട്ടുപാഞ്ഞു മന്ത്രി.
ഉന്നതാദ്ധ്യക്ഷവേദിയേറിയിട്ടലക്ഷ്യമായ്
മുന്നിലേയ്ക്കൊന്നുനോക്കി, നടുങ്ങി ധീരൻമന്ത്രി.
കാലൊടിഞ്ഞൊരു പിച്ചക്കാരനാം 'കണാരി'തൻ
കോലത്തെക്കണ്ടദ്ദേഹം വിളറി വിറയ്ക്കയായ്.
ഫാലവും വിയർത്തുപോയ്, നാവുറഞ്ഞുടൻപൂർവ്വ
കാലത്തിൻ കാല്പാടുകൾ തപ്പിയാമാന്യൻമന്ത്രി.

3

കണ്ടെത്തീ പൊടിഞ്ഞുള്ളോരേടിന്റെമദ്ധ്യത്തിലാ-
പണ്ടത്തെപ്പരാക്രമശാലിയാം കണാരിയെ.
കച്ചേരിമൂർദ്ധാവിലാദ്ദേശീയക്കൊടിനാട്ടാൻ
കച്ചകെട്ടിയ ധർമ്മഭടനാം വീരാഗ്രണെ.
തോക്കിന്മേൽ കുന്തംകുത്തിപ്പട്ടാളം ചുറ്റുംനില്ക്കേ
നോക്കുവാൻപോലും പേടിച്ചെല്ലാരും പാഞ്ഞീടവേ

ഏകനാനിരായുധൻ നിരസ്യം ഭേദി,ച്ചാത്മ
ത്യാഗസന്നദ്ധൻ ചാടിക്കയറീ മുഖപ്പിന്മേൽ.

വെടിയുണ്ടകൾ വർഷിച്ചെന്നാലും കണ്ണാരിന്നാ-
ക്കൊടിയുംകെട്ടിജ്ജയം ഘോഷിച്ചേ മറിഞ്ഞുള്ളൂ.

വീണതോ കുന്താഗ്രമാം ശരശയ്യയിൽ, ചാടും
ശോണിതം പൂശി,ത്തോക്കും നാണിച്ചു നിശ്ശബ്ദമായ്.

അത്ഭുതംകണ്ടാനന്ദിലോഷകരൊരാളന്നു
പോയത്രേ കച്ചേരിയുംതൊഴിലും വെടിഞ്ഞിട്ട്.

ഭാരതസ്വാതന്ത്ര്യത്തിൻ സംഗരാഹ്വാനം തന്റെ
ചോരയാൽ ചൂടേല്പിച്ചതന്നത്രേ യഥാർത്ഥമായ്.

4

അന്നത്തെപ്രചോദനമന്ത്രമാം ദേശപ്രേമി
ഉന്നതാദർശം മൂർത്തീകരിച്ചാസത്യാഗ്രഹി

ഖിന്നയാം പരാധീനഭാരതമാതാവിന്നായ്
ധന്യമാം സ്വജീവിതമർപ്പിച്ചമഹാത്യാഗി

ഇന്നാരും ഗണിക്കാത്തകേവലം പിച്ചക്കാരൻ
പിന്നാലേ ചെന്നാത്തരം നോക്കിയോ, മന്ത്രിശ്രേഷ്ഠൻ

മന്ത്രിക്ക പൊള്ളിപ്പോയീഹൃദയം കൌടില്യത്തിൻ
തന്ത്രങ്ങൾ താനേ തത്തിപ്പൊങ്ങിടും രംഗംകണ്ട്
ഭീതിയോടദ്ദേഹമാസത്യത്തിൻ നക്ഷത്രങ്ങൾ
ഭൂതകാലത്തിൻ വെള്ളിത്തിരയിൽദർശിക്കയായ്

കൂപ്പിനാനുടൻ മന്ത്രി, കണ്ഠവും കണ്ണും വിങ്ങി
മാപ്പിരന്നീടുംവണ്ണം ഗുരുവാം കണാരിയെ.

നിഷ്കാമകർമ്മംകൊണ്ടു സംതൃപ്തിതാനേ ചേർന്ന
നിഷ്കളങ്കന്, ലോകംപോലുമേ മിഥ്യാലീല!

എന്നാലുമാന്ധ്യക്കൂരിൽമുങ്ങിയാ നേതാവിന്നു
അന്നത്തൊട്ടൊരു നവ്യവീക്ഷണമുണ്ടായ്‌വന്നു.

10. 4. 1123.

കാട്ടുതീ

കൂരിരുൾ വന്നുതുടങ്ങീഭരണവും
പാരിടംനിന്നു നിഷ്പന്ദമായ് തെല്ലിട.
പങ്ങിപ്പതുങ്ങിയിരുന്ന നിശാചരർ
പൊങ്ങിത്തുടങ്ങി മുരണ്ടുകൊണ്ടങ്ങനെ.
കീറക്കരിന്തുണിപോലെ കിടന്നാവൻ
പാറിപ്പറന്നു നടന്നുടൻ വാവലും
ചത്തനാട്ട്യത്തിൽ മലന്ന കുറുക്കനും
ചിത്തമോദേന ചിരിച്ചു ചരിക്കയായ്.

പല്ലുംകൊഴിഞ്ഞ കിഴവൻ കടുവകൾ
മെല്ലെയിഴഞ്ഞിരനോക്കിയിരിക്കയായ്
മിണ്ടാതെ മൌനം ഭജിച്ചുകിടന്നൊരു
കണ്ടാമൃഗം കാടിളക്കിക്കുതിക്കയായ്.
വള്ളിക്കുടിലിലൊളിഞ്ഞുറങ്ങീടിന
പുള്ളിപ്പുലിയും നഖംനീട്ടിനില്ക്കയായ്.
വമ്പും പ്രതാപവും കാട്ടുവാൻ മുമ്പിലായ്
കൊമ്പുംകുലുക്കി നടന്നു കാട്ടാനകൾ
വെട്ടിത്തുടങ്ങീയിടംവലംനോക്കാതെ
കാട്ടുപോത്തക്കൂട്ടംപാറയിൽപോലുമേ.
സ്വാതന്ത്ര്യലാഭത്തിലുന്മാദമാർന്നുള്ള
സ്വാത്മം നിശാർദ്ധത്തിലേവം സുഖിക്കവേ,

പാവം മൃഗങ്ങളറിഞ്ഞുവോ ചുററിലും
പാവകൻ വാപിളന്നെത്തുന്ന സംഗതി.

തീപ്പൊരിയൊന്നു ചിതറിക്കരിയില–
ച്ചെപ്പിലൊളിച്ചു ചിരിച്ചിരുന്നല്പമായ്

കാററൊന്നടിച്ചു കരുരതച്ചുകച്ചുങ്ങൾ
ക്രൂററൻകരിമ്പനപോലെ വളർന്നുപോയ്.

ചാടിക്കളിച്ചഗ്നിശാബങ്ങളെങ്ങുമേ
കാട്ടമെടുത്തമ്മവെച്ചാക്കിടാങ്ങളെ.

‘കാട്ടുതീ’ ‘കാട്ടുതീ’ പെട്ടെന്നു ഭൂതലം
പൊട്ടിത്തെറിച്ചട്ടഹാസം മുഴക്കയായ്.

18. 1. 1112

അവരുടെ ഓണം

ഓണം ക്രുവിയടുത്തപ്പോഴും
ഓമൽപ്പൂക്കൾ ചിരിച്ചപ്പോൾ
നാണിപ്പെണ്ണിൻ കണ്ണുകളിൽ
കാണാല്ലന്നൊരു കൊച്ചുരുചി.

വെള്ളിനിലാവു വിരിഞ്ഞപ്പോൾ
പുള്ളിക്കുയിലു പറന്നപ്പോൾ
ഉള്ളിൽത്തള്ളിയൊരോർമ്മകളാൽ
പൊള്ളിപ്പൊള്ളിയെരിഞ്ഞവളും.

ഓണപ്പാട്ടു പരന്നൊഴുകി
ഓളം തല്ലീ കുടിലുകളിൽ
നാണിക്കന്നും നെഞ്ചിടികൾ!
പ്രാണൻകത്തും വെള്ളിടികൾ!!

ആനന്ദത്തിൻ കുഞ്ഞലകൾ
ആ മുറ്റത്തും ചുറ്റുകയായ്
ആതപമങ്ങു കുഴയ്ക്കയാൽ
ആ വഴി തന്നെ മടങ്ങിയവർ.

തെക്കേവശത്തെ മാഞ്ചോട്ടിൽ
നോക്കും നാണി നടുങ്ങുകയായ്
തണലു തരുന്നാ തൈത്തമാവിൻ-
തളിരും മെല്ലെ കരിയുകയായ്.

അവളോത്തുടനെ മൂന്നാണ്ടിൽ
അവിടെയണഞ്ഞൊരു തിരുവോണം
അവളും പതിയും തേന്മാവിൻ
ചുവട്ടിൽ വരച്ചൊരു ശുഭചിത്രം!

നാണത്തിൻ മറ കീറിയവൾ
ഓണത്തിൻനാൾ പറയുകയായ്:—
"ഇനിയത്തോണം പുലരുമ്പോൾ
ഇവിടെക്കാണാം കൊച്ചടികൾ—"

പതികേട്ടുടനെ തുള്ളുകയായ്
പതിവില്ലാപ്പടി പാടുകയായ്
ഇരുവർക്കും ഹൃദയത്തിൽ
തിരുവോണം തേൻമഴ ചാറി.

അന്നത്തോണം പൊന്നോണം
പിന്നീടെത്തുകയാണവിടെ
കൊച്ചടിയില്ലാ കാണ്മാനായ്
അച്ഛനുമില്ലിന്നക്കുടിലിൽ.

പതിയാവീട്ടിൻ നിധിയായോൻ
പണിയില്ലാപ്പിണമായൊരുനാൾ
ചുണ്ണാക്കാണിച്ചു ക്രൂരന്മാർ
നിണമൂറും പണി നിർത്തിടുവാൻ.

അന്ധമിന്നരുങ്ങിയടുത്ത ദിനം
അസ്തപ്രജ്ഞനവൻ മൃതനായ്

നിയമം വിട്ടില്ലവളെയുമമ-
ജയിലുവിഴുങ്ങി ഞെരിച്ചു ജവാൽ.

കൊച്ചുടിയച്ചൂണ്ണ ക്കാക്കകയാൽ
പച്ചഞരമ്പു പിടച്ചവയർ
തൊഴികൊണ്ടൊട്ടി ചെന്നിണമ-
ണ്ണൊഴുകും തുമ്പായ് തീർന്നിതവൾ.

അവളോർക്കുന്നായ് പോയാണ്ടിൽ
അവിടെ വിരിഞ്ഞൊരു പൊന്നോണം
ഈയാണ്ടത്തെക്കരിയോണം
മായാപ്രകടനമെന്നോണം.

കരയും കരളുതടിയ്ക്കുകയാൽ
കഴിവറവുടലു വിറയ്ക്കുകയാൽ
കവിയും മിഴികൾ തുടച്ചുദ്രുതം
കലികൊണ്ടിങ്ങനെ ചൊല്ലിയവൾ:—

"ഇന്നീരാത്രി വരുന്നോണം
വന്യമൃഗത്തിൻ പൊന്നോണം
കേണുകുഴഞ്ഞ ജനാവലിതൻ
പ്രാണൻതിന്നും തിരുവോണം.

ഞങ്ങൾക്കുണ്ടൊരു പൊന്നോണം
മംഗലരശ്മി ചൊരിഞ്ഞോണം
ഉണ്മയൊരുടലിയുയർന്നോണം
നന്മനിറഞ്ഞൊരു തിരുവോണം.

വീണുകിടക്കും ജനത്തിന്നായ്
ഓണമുദിച്ചിട്ടുമൊരുനാളിൽ
പാവങ്ങൾക്കതു പുലരാനായ്
ജീവൻചിറകിട്ടുമിന്നി ഞങ്ങളും.

25. 7. 50.

പ്രതീക്ഷകൾ

മലർമണം മാനസം മഗ്നമാക്കി
മധുമാസം മന്നിടം മുഗ്ദ്ധമാക്കി
കുളിർവാതമാലസ്യമൊക്കെമാററി
കുയിൽനാദ മുന്മേഷ മുള്ളിലേററി
വികസിത യൗവ്വനം നിന്റെമേനി
വിമലമാം പൂവനംപോലെയാക്കി
അണിയാതെ പാടാതെ പിന്നെയും നീ
അണിയറയ്ക്കുള്ളിലിരിപ്പതെന്തേ?

x x x

എരിയുന്ന പൊള്ളുന്നോരെന്റെയുള്ളിൽ
ചൊരിയുന്ന തീക്കനലീവസന്തം
വിരിയുന്ന യൗവ്വനം മാത്രതോറും
കരിയുന്ന കാളുന്നോരഗ്നിക്കേറി.
കുയിലല്ല, മൂങ്ങയാണെന്മനസ്സിൽ
ഭയമേററും ഗാനം പകർന്നൊഴിപ്പൂ.
മദനന്റെ മന്ത്രമല്ലെന്റെയുള്ളിൽ
മരണത്തിൻ മാറെറാലിയാണു കേൾപ്പൂ
അഴലിന്റെയീമറ കീറിടാതെ
വഴിയില്ലെനിക്കു വെളിച്ചമുണ്ണാൻ.

x x x

ഇണയൊത്തന്നനയം ചൊല്ലിപ്പറക്കലും
പ്രണയക്കളിക്കു കളംവരച്ചു
വരിനെല്ലിൻ ചുണ്ടു ചുമന്നുകണ്ടു
കുരുവിക്കിളികളും കൂടുതീർച്ചു.
അകലെപ്പോയ് കൂത്താടും കുഞ്ഞിനെക്ക-
ണ്ടകതാർ നിറയ്ക്കുന്ന മാടുപോലും.
തിരിയുന്നു ദിക്കിലീയുത്സവങ്ങൾ
തിരനീക്കുംനാളിൽ നീയേകയായി
സ്വരമൊന്നുണർത്താതെ മൂകയായി
മരവിച്ചു കഷ്ടമിരിക്കയാണോ?

x x x

ഹൃദയം കുളിർപ്പിച്ചൊരാപ്രകാശം
കദനത്തിൻ കൂട്ടിൽ കുടുങ്ങിയപ്പോൾ
ഉലകിന്റെ യുത്സവമീയെനിക്കു
ഉരുകുന്ന തീച്ചൂളയായി മാറി.
കെണിയുംമുറിച്ചെന്റെ പ്രാണനായോ-
രിണവന്നീക്കണ്ണീർ തുടയ്ക്കുവോളം
പൊരിയും ഞാനിങ്ങനെയേകയായി
ഞെരിയുന്ന പല്ലിനു മൂർച്ചകൂട്ടി.

x x x

ഇരവും പകലുമാ മർദ്ദനത്തി-
ന്നിരയായ്ത്തകർന്നു മരിച്ചിടുന്നോൻ

ഇരുളുഭരിക്കും തുറുങ്കിനുള്ളിൽ
മരണത്തെക്കാത്തു കിടന്നിടുന്നോൻ
നിറതോക്കു കാക്കുന്ന കോട്ടവാടി
വരുമെന്നോ പാവമേ! നിന്റെ മോഹം!

x x x

വരുമവൻ നിശ്ചയമാപ്രഭാതം
വിരിയുന്ന വേളയിലെന്റെ വീട്ടിൽ
ചുടുകണ്ണീർക്കൂട്ടം തിരയടിക്കും
നെടുവീർപ്പൊരുമിച്ചുലറിയെത്തും
ഇരുളെല്ലാമോട്ടു,മുണർന്നുവീശും
ഇടിമിന്നൽ പോലെ വഴിതെളിക്കും

തകരും തടസ്സങ്ങളന്നുലോകം
നുകരും പ്രതീക്ഷിത സൗഖ്യസാരം
അണയാത്തമോദം വിരിച്ചുപൊന്നും
അണയുമിവർക്കു പുളകമേകാൻ.

x x x

ശരികൊള്ളാം, സ്വപ്ന, മതിന്നുമുമ്പേ
മരണമവിടെക്കടന്നുചെന്നാൽ?
അതുലമാമാശാനികേതനം താൻ
ചിതയിലെച്ചാമ്പലായ് തീർന്നുപോയാൽ?

x x x

മൃതിവന്നു കൊത്തി വിഴുങ്ങിയാലും
സ്മൃതിയിലുയിർത്തെഴുന്നേറ്റുവീണ്ടും
വരുമവൻ തപ്തമാമെൻ കരളിൽ
തരുമവൻ ചുംബനവർഷമെന്നും

x x x

ചിറകറ്റ ജീവിതത്തിൻെറ ദുഃഖം
വെറുമോർമ്മകൊണ്ടു പൊറുക്കാമെന്നോ
സുരഭിലസൂനം വിടർന്നീടാതെ
കരിനിഴലായിട്ടൊടുങ്ങുമെന്നോ?

x x x

കരളിൻെറയുള്ളിൽനിന്നങ്കുരിക്കാം
പൊരിപൊരിപ്പൊങ്ങുന്നൊരട്ടഹാസം.
മരവിച്ചൊരീമുഖത്തന്നു കാണാം
മരണവും പേടിക്കും മന്ദഹാസം.
വിരളമീ ജീവിതം വ്യക്തമായി
വിരിയുന്നതന്നാളിലായിരിക്കും.

31. 5. 50.

കാമുകൻ വന്നു

അന്നമായൊരുവനപ്പൂവനം പൂക്കളായ്
പൊന്നിൻകിനാവുകൾ ചൂടി.
ഭാസുരഭാവിക്കു ഭാവുകം നേരുമാ
ഭാവന പിന്നെയും പാടി.
മണ്ണിലെ മാധുര്യമാ മനോവാടിയിൽ
ഒന്നിച്ചു മേളിച്ചുകൂടി.
അങ്ങിനെ ചിന്തയിൽ പൊങ്ങിയമേടയിൽ
അംഗനയിന്നിരുന്നാടി.
വന്നില്ല, വന്നില്ല,യെന്നിട്ടും കാമുകൻ
സുന്ദരി വീർപ്പിട്ടു പാടി.

X X X

സ്വന്തപ്പച്ചിന്തകൾക്കാശ്വാസം നൽകുവാൻ
സന്ധ്യയും സന്നദ്ധയായി.
താരകഹാരവും ചാർത്തിയച്ചന്ദ്രനും
പാരിടം പാൽക്കടലായി.
കോരക മാസ്മരസ്മേരത്താൽ തെന്നലും
ചാരത്തൊളിച്ചു നില്പായി.
ഉൽക്കടശങ്കതമാ മുൽക്കണ്ഠയാലവൾ-
ക്കുൾക്കളും പോക്കുമായി

ഓരോ പിച്ചാരവും ഞെട്ടലുണ്ടാക്കീട്ടു-
ന്നോരോ കിനാവുപോലായി.
കണ്ടില്ല, കണ്ടില്ല, പിന്നെയും നൈരാശ്യ-
ക്കണ്ടിലായ് തണ്ടുലർ നേത്രം.

x x x

ഒക്കയുമോമലാളന്നവൻ ചൊല്ലിയ
വാക്കുകൾ കണ്ണുനീർപ്പാർക്കെ:—
“താമരപ്പൂവിതൾ തീക്കനൽക്കട്ടയെ
പ്രേമിച്ചിടുകയെന്നപോലും!—”
അപ്പരിഹാസം പൊതിഞ്ഞൊരാപ്പുഞ്ചിരി
അപ്പൊഴും കണ്ടവൾ നീറി
ചെറ്റുചൊടിച്ചവൾ ചൊല്ലുകയായ് സ്വയം
നെറ്റിചുളിച്ചൊന്നു ചീറി:—
“വാടിക്കരിഞ്ഞാലുമക്കനൽക്കട്ടയെ
വാരിപ്പുണർന്നിട്ടും ഞാനും.
ചൂടെന്നു കേൾക്കുമ്പോൾ പിന്തിരിഞ്ഞോടുന്ന
പേടിക്കുരുന്നല്ല ഞാനും—”

x x x

ചിന്തകളിങ്ങനെ പന്തടിച്ചീടവേ
പൊന്തിയൊരുഗ്രമാം നാദം.
ഞെട്ടിത്തെറിച്ചവൾ നോക്കിപ്പോയ് നെഞ്ചകം
തട്ടിത്തകർക്കുമാ കാഴ്ച,
താതന്റെ കിങ്കരർ ബന്ധിച്ചൊരുത്തനെ
താഡിച്ചു തള്ളുന്ന കാഴ്ച.

നിത്യവും കാണുന്നു, നീതിപുലർത്തുന്നൊ
നിർദ്ദയമർദ്ദന വാഴ്ച.
കാലുംകരവും മുറുക്കി ഞെരുക്കുന്നൊ-
രക്കോലത്തെയൊന്നവൾ നോക്കി
കാണാൻ കൊതിച്ചൊരു കാമുകൻ വന്നൊന്നാ
കാൽച്ചങ്ങല കളിച്ചോതി
പിന്നെയക്കണ്മിഴി പൂട്ടാൻ കഴിഞ്ഞില്ല
തന്വംഗി മുന്നോട്ടു പാഞ്ഞു.

x x x

യാതനയേററു പിടയ്ക്കുന്ന പുള്ളിതൻ
പാദത്തിലായവൾ വീണു.
നീതിയെപ്പാലിക്കും താതനും കൂട്ടരും
ഭീതരായ് സ്തംഭിച്ചുനില്ക്കെ,
ധീരതയാർന്നൊരു പെൺപുലിപോലൊന്നു
നേരേ തിരിഞ്ഞവളോതി:—
"വാടിക്കരിഞ്ഞാലുമിക്കനൽക്കട്ടയെ
വാരിപ്പുണർന്നിടും ഞാനും
ചൂടെന്നു കേൾക്കുമ്പോൾ പിന്തിരിഞ്ഞോടുന്ന
പേടിക്കുരുന്നല്ല ഞാനും,
കൂടെയിറങ്ങും തുറുങ്കി,ലപ്പുറം
കൂടെത്തൂങ്ങീടുമീ ഞാൻ—"
കൈകൂപ്പി കാമുക,"നെന്നാൽ പരിക്കെ."ന്നു
കൈവിലങ്ങൊച്ചത്തിലോതി.

26. 7. 5

രാമരാജ്യം

രാമരാജ്യമേ, വേണ്ടനിന്റെയീ
പ്രേമഹാസമീ ഞങ്ങളിൽ
പണ്ടുകണ്ടു വെറുത്തതല്ലേ നിൻ
ചണ്ടിയായൊരാ ഹൃത്തടം.

കോമളം ഖദർ ചുററി നീയൊരു
കാമദേവനായ് നില്ക്കിലും
സാമസുന്ദര മഞ്ജുകാകളി
പ്രേമപൂർവ്വം പൊഴിക്കിലും
നവ്യഭാരത യോഗിയിന്നു നിൻ
ദിവ്യശക്തിയെ വാഴ്ത്തിലും
രാമരാജ്യമേ, കാണ്മൂ ഞങ്ങൾ നിൻ
ശ്യാമളാകാരമിപ്പൊഴും.

ദാനവാചാര വൈകൃതം വെറും
ഹീനസംസ്കാര പൂരിതം.
ഭൂരിമർത്ത്യവിനാശകം കൊടും
പാരതന്ത്ര്യഭയാനകം.
രാമരാജ്യമേ, നിൻകരാളത
ഹാ! മറക്കുമോ മന്നിടം.

പങ്ക്തിവൈരവിഷമരുത്തുകൾ
നിർഗ്ഗമിച്ചൊരാ വേനലിൽ

ചൂടുമാറുവാനിപ്പൊഴും ഞങ്ങൾ
ചൂടുചോര ചൊരിയുമ്പോൾ
വന്യജന്തു കടുവ വന്നിട്ടും
സന്യസിച്ചു ജപിക്കയോ?
വഞ്ചനക്കണി കാഞ്ചനാഭമാം
കഞ്ചുകങ്ങൾ ധരിക്കയോ?

ഓർപ്പൂ ഞങ്ങളാ രാമരാജ്യം ഹാ!
വീർപ്പുമുട്ടിയ പാർപ്പിടം.
അന്ധകാരം തിരയടിച്ചൊരാ
സിന്ധുതീർത്ത ചെളിത്തടം.
ഘോരചിന്തി മതം ഭരിച്ചൊരാ
ക്രൂരഭീകര ശാസനം
നീതിധർമ്മ ഗളമറുത്തൊരാ
ജാതിഭൂതത്തിൻ ഗർജ്ജനം.

കാൺമൂ ഞങ്ങളാ രാമരാജ്യമീ
കണ്മിഴി മുമ്പിലിപ്പൊഴും
പൂണുനൂലിൽ കുരുങ്ങിയാ രാമൻ
കേണമന്നിടം വാണതും
സ്വാത്മമാ മുനിമാർക്കടിമയായ്
ശൂദ്രമർദ്ദനം ചെയ്തതും
കാട്ടുവാണ സ്വതന്ത്ര കർമ്മക
വേടരെക്കൊണ്ടു വെന്നതും
നീചവഞ്ചനാ വീഥിയിൽക്കൂടി
രാജനീതി നടന്നതും

കൊള്ളയും കൊലയും കലാപവും
തുള്ളിയെങ്ങും കളിച്ചതും
കാൺമൂ ഭൂതമാം കാലഭിത്തിയിൽ
കാൺമൂ കാർമഷിക്കോലങ്ങളായ്.

രാമരാജ്യമേ, വേണ്ടവേണ്ട നിൻ
രാഗസുസ്മിത ലീലകൾ.
ചത്തടിഞ്ഞു ചിതൽപ്പെടിഞ്ഞുടൽ
കുത്തുവീണ തകർന്നണി
മോടിപൂട്ടി വരേണ്ട പണ്ടത്തെ
മാട്ടമർത്ത്യരല്ലിന്നുള്ളോർ
രാമരാജ്യമേ വേണ്ടനിന്നെയീ
ഭൂമി തന്റെ സുതർക്കിനി.

9. 10. 1121.

പറക്കുന്ന കുട്ടി

കുട്ടി:—

അമ്മേ, ഞാനൊരു കുരുവിക്കിളിയാ-
യങ്ങേ വയലിൽ പോകട്ടേ.
ആടിപ്പാടിക്കൂട്ടരുമൊത്തൊരു
കൂട്ടംകെട്ടിയിരിക്കട്ടേ.

തള്ള:—

കുഞ്ഞേ! നമ്മുടെ കുടിലുകളിക്കാൻ
കൊഞ്ചുംപൈങ്കിളി നീയല്ലേ.
പാടിപ്പാടി പ്പുഞ്ഞമൊഴിച്ചൊരു
മാടത്തിന്റെ മരുന്നല്ലേ.

കുട്ടി:—

ആഹാരത്തിനു നെല്ലുവരുത്തവ-
രാഹാ! തണലിൽ തത്തുന്നു.
ആനന്ദത്തിൽ മുഴുകിച്ചിറകുക-
ളാകാശത്തിൽ വിരിക്കുന്നു.
മാടംപൂട്ടും മണ്ടതകണ്ടവർ
പാട്ടേ മാടിവിളിക്കുന്നു

പാടംപൊക്കിപ്പട്ടിണി നേടിയ
പാദടാത്തോട്ട ചിരിക്കുന്നു
ഓണക്കാലും പുലരും വാടിയി-
ലോടിക്കയറാൻ കൂവുന്നു
അമ്മേ നമ്മുടെ ദുരിതമൊഴിക്കാൻ
അങ്ങാ വഴി ഞാൻ പായട്ടേ.

തള്ള:—

അയ്യോ പോകരുതവിടെ കാണമു
തീയ്യാ,ണതിൽനീ പൊള്ളിപ്പോം
കാററും കോളും മിന്നലുമിടിയും
കേററുംമാനം പൂകരുതേ,
പൊന്നോ പോകരുതഴലുമറക്കാൻ
പൊന്നോടക്കുഴൽ നീയല്ലേ.
കൂടാൻപാടാനെന്നെങ്കിലു മറ്റൊരു
കൂടാണിതുവിട്ടോടല്ലേ.

കുട്ടി:—

പച്ചേയിങ്ങനെ യിരുളിലൊളിച്ചീ
തീയ്യുംതിന്നു കഴിഞ്ഞീടാൻ.
കയ്യുംകാലും പൂട്ടിയപടിയീ
മെയ്യുതളന്നു മരിച്ചീടാൻ
അമ്മേയങ്ങൊരു പുതിയവെളിച്ചം
ചെമ്മേ നേർവഴി കാണിച്ചു.

മങ്ങിക്കെട്ടു കിടന്നവരെല്ലാം
പൊങ്ങിപ്പൊങ്ങിയുണർന്നീടുമ്പോൾ;
പോകാം ഞാനൊരു നിമിഷം കളയാ-
താകുംമട്ടു പറന്നീടും

ചൂടും വീർപ്പും വിങ്ങിപ്പുഴുകിയ
വീടുംവിട്ടു പറന്നീടും

അമ്മേ ഞാനൊരു കുരുവിക്കിളിയാ-
യങ്ങാവഴിയിൽ ചെന്നെത്തും

ആടിപ്പാടിപ്പൂവെയിലേറ്റൊരു
കൂട്ടം തേടിയിരുന്നീടും.

5. 10. 1124

പേപ്പട്ടി

അലിവററ ലോകത്തെ നക്കുന്ന, നാക്കുമായ്
അവതരിച്ചുള്ളൊരു ജീവിക്കുട്ടി
അലതല്ലും ദുഃഖത്തെ നോക്കുന്നക്കൂട്ടത്തിൽ
അവശമാം ശബ്ദവുമൊന്നുകൂടി
അഴകുകണ്ണാലാവോളമാശിസ്സു വർഷിച്ചി-
ട്ടതിനെയും കണ്ണിന്നു കാമ്യമാക്കി.
അളവററ, ലാവണ്യം തന്മെയ്യിൽ താങ്ങിക്കൊ-
ണ്ടവനിയും വീർപ്പിട്ടു ഭാവിനോക്കി
അഭിലാഷം സാധിച്ചു, മാതാവാപ്പെൺനായും
അഭിമാനപൂർവ്വമാമേണി നക്കി.

X X X

പുഴവക്കിൽ പിറേറന്നാളക്കൊച്ചുസൗന്ദര്യം
വഴിപോക്കർക്കാശ്ചര്യം കാഴ്ചവച്ചു:
മുരളലായ് മൂളലായ് മുമ്പാകെ പായലായ്
ചുരുളലായ് ചൂളലായ് കുഞ്ഞുപട്ടി.
ഉടമക്കാരില്ലാതെ വീണൊരാ സംഭവത്തിൽ
അടിമത്വം ചങ്ങലയിട്ടുപൂട്ടി
ഞൊടികൊണ്ടാനായിന്നും പൂമേട വീടായി
ചുട്ടപാലും റൊട്ടിയും തീററിയായി

പ്രഭുവിന്റെ പെൺമക്കൾ കട്ടിലിൽപോലുമാ
അളിരമ്യ ജീവിതത്തെ വെച്ചുവാഴ്ത്തി.

x x x

തളിരിലച്ചേലകൾ ചാർത്തിത്തരുക്കളെ
തഴുകിയ കാലം കടന്നുപോയി
ഞൊടികേട്ടു വാലാട്ടിപ്പൊങ്ങലായാപ്പട്ടി
ചൊടിയോടെ ചാടിക്കരയ്ക്കലായി
പിടിപിടി ചൊല്ലുമ്പോൾ പാച്ചിലായാപ്പട്ടി
നടവഴിപ്പാതയിൽ കാവലായി
കടികൊണ്ടുനേർവാൻ പല്ലിളിച്ചാപ്പട്ടി
തുടലൊന്നു കണ്ഠത്തിൽ മാലയായി.
കളിചിരി മാറിപ്പോയ് കാലത്തിൻവെട്ടത്തിൽ
നിലവിളിച്ചാപ്പാവം നിന്നുപോയി.

x x x

ഇടറിക്കുതിച്ചവൻ പാട്ടമായ് പെട്ടെന്നു
തുടലിന്റെ ക്രൂരത കണ്ടറിഞ്ഞു.
കടിയിട്ടു മൂച്ചോട്ടെ, കാരിരുമ്പാച്ചുതി
പിടിവിട്ടില്ലെന്നല്ല, പല്ലൊടിച്ചു.
കരയായി കോപത്തോടൊപ്പം കലുങ്ങീട്ടു
ചിരിയായാച്ചങ്ങല വമ്പടിച്ചു.
പരമാത്മമന്ത്യമായ് പാപം ഗ്രഹിക്കയായ്
പരതന്ത്രനായെന്നു വേദമോട്ടെ,

അതുവരെക്കാണിച്ച വഞ്ചനയ്ക്കൊക്കയും
പ്രതികാരം നേർന്നവൻ വീണുറങ്ങി.

x x x

നെടിയോരു ലോകമാനാളംതൊട്ടാനായിന്നു
തുടൽ വൃത്തമായിച്ചുരുങ്ങിക്കൂടി
വിടരുന്നൊരുന്മേഷമന്നോ കരിഞ്ഞുപോയ്
നെടുവീർപ്പിന്നുള്ളിലൊതുങ്ങിക്കൂടി
തുടരെക്കരഞ്ഞിട്ടും കാരുണ്യം കെഞ്ചീട്ടും
തുടലൊട്ടും നീളാത്തയാശകെട്ടും
പറയുമ്പോൾമാത്രം കുരയ്ക്കണം നോക്കണം
പടിവാതിൽ കാക്കണമാജ്ഞകേട്ടും
പരിതപ്തലോകത്തിൽ പ്രാണൻ പിടഞ്ഞിട്ടാ-
പ്പരതന്ത്രൻ പാർത്തൊരു പാവപോലെ.

x x x

ഇരവും പകലുമൊളിച്ചു കളിക്കലായ്
ഇരുളും വെളിവും തിരിച്ചിലായി.
മഴയായി, വേനലായ്, മഞ്ഞുപോയെന്നിട്ടും
അഴലുമവന്നമാബന്ധനത്തിൽ
പശിവന്നു ദാഹമായ് പള്ളയും പൊള്ളലായ്
പരവശൻ പിന്നെയുമത്തുടലിൽ
മണമുള്ള മാരുതൻ ചന്ദ്രികച്ചാർത്തിനാൽ
മനതാരിൽ മാധുര്യം പൂശിടുമ്പോൾ

പ്രണയമിരന്നിട്ടാപ്പെൺനായ്ക്കൾ വന്നിട്ടും
വ്രണിതഹൃദയനാച്ചങ്ങലയിൽ.

x x x

കലികൊണ്ടു കാചമച്ചങ്ങലക്കണ്ണിയിൽ
കരളുവാൻ പല്ലുകൾ വയ്യാതായി.
ഉലയുമ്പോളത്തുടലുച്ചത്തിൽ ഗർജ്ജിക്കും
കലുഷമാം ശബ്ദവുമൊന്നടഞ്ഞു.
വെറിപൂണ്ട ക്ലേശത്തിൻ കുത്തേററുനായന്നു
വെറുമെല്ലിൻ കൂടായിത്തീർന്നു; പക്ഷേ,
അടിമത്തച്ചങ്ങലയോരോനിമിഷവും
പൊടിയുന്ന പാടവൻ നോക്കിനിന്നു.
ഒരുനാളിൽ സന്ദർഭം മൂത്തുപഴുത്തപ്പോൾ
ശിരകുടഞ്ഞൊന്നവൻ മൂരിനീർത്തി.

x x x

പ്രഭുവിൻെറ മേടയിലന്നും പതിവില്ലാ
വിഭവസമ്പൂർണ്ണമാം സദ്യതന്നെ!
പൊരിയും വറവുമായ് പൊങ്ങും കൊതിയോടു
പൊരുതിത്തളർന്നവൻ കണ്ണടച്ചു.
കുസൃതിക്കിടാങ്ങൾ കളിക്കയായ് പട്ടിയെ
കുറിവച്ചു കൂർത്തുള്ള കല്ലെറിഞ്ഞു.
മരണത്തെച്ചുള്ളാക്കിച്ചീറുന്ന വീർപ്പത്തോ-
ടൊരുകുതിക്കത്തുടലററുപോയി

വിഗതമാം സ്വാതന്ത്ര്യം കൈവന്നൊരാളുടൻ
വിജയവിളംബരം ചെയ്തുമോങ്ങി.

x x x

അധികാരധാർഷ്ട്യത്തിന്നാരവം പൊട്ടുന്ന
പ്രതികാര കാഹളമായി കാതിൽ
തുടലററു തുള്ളുന്നാപ്പട്ടിതൻ നോട്ടങ്ങൾ
കിടുകിടുപ്പുണ്ടാക്കി മേടയിങ്കൽ
അഭയങ്ങൾ തേടിക്കൊണ്ടോടലോട് പേടിച്ചാ
പ്രഭുസുതർ, കല്ലെറിഞ്ഞുല്ലസിച്ചോർ
പുറകെക്കുതിക്കയായ് പട്ടിയും വിപ്ലവ
ച്ചിറകൊന്ന മട്ടിതന്നെന്നപോലെ.
മറിയുന്നു മാഴ്കുന്നാപ്പൊന്മക്കളും, ഭൃത്യന്മാ-
രെരിയുന്നു, പിന്തിരിഞ്ഞില്ല പട്ടി.

x x x

കടിയായി മാന്തലായ്, സദ്യയിൽ കേറിയും
പിടിയായി, നായച്ചെന്നായുമായി
ഉടമക്കാരൊക്കെയും വെമ്പലായ് സമ്പത്തു
പൊടിയാക്കും മുമ്പിലായ് കമ്പോട്ടക്കാരൻ
വടിതടിയേന്തിയ ദാസരും വന്നെത്തി
വെടിവച്ചു വീഴ്ത്താനും വട്ടമായി
പുതുജീവൻ പൂശിയാ സ്വാതന്ത്ര്യത്തെന്നാലിൽ
മതികുളുർത്താനായോ പാഞ്ഞുവീണ്ടും
തടയുന്നതൊക്കെയും താങ്ങിത്തകർത്തവൻ
തണലുള്ള പാതയിൽ ചെന്നുകേറി.

x x x

വഴിയെല്ലാം നോക്കിയാ കിങ്കരർ പട്ടിയെ-
ക്കുഴിയിലായ് വീഴ്ത്തുവാനൊട്ടുകാലം
പിടികിട്ടാതായപ്പോൾ, തോററവർ ചൊന്നു
ചുടലയിൽപ്പോക്കും പേപ്പട്ടിയെന്നായ്.
പൊളിയത്തു പററിപ്പോയ്, നായിന്റെ തൻനില
വെളിവാക്കാനായില്ല, തീണ്ടമുണ്ടേ,
നിലവിളിച്ചോട്ടമായ് കല്ലേറായ് കണ്ടവർ
തലപൊളിഞ്ഞാർത്തനായ് പാഞ്ഞുപട്ടി
തുടരുന്നാനിർദ്ദയമർദ്ദനം ഏത്തടം
കഠിനമായ്ത്തീക്കയായ് മാത്രതോറും.

x x x

അവശതാവീർപ്പുകൾ പൊട്ടിത്തെറിച്ചുകൊ-
ണ്ടവസാനമാകെക്കൊടുങ്കാററു വീശി.
വയറിൻെറ വിക്രമം വെല്ലുവിളിച്ചെങ്ങും
കയറുന്നൊരക്രമമായി മാറി.
പൊറുതിയില്ലാഞ്ഞയാൽ നേരെതിരിഞ്ഞവൻ
അറുതിയില്ലാത്തടരാഃയാട്ടകം.
അലറിക്കൊണ്ടന്യായം മാന്തിപ്പിളർന്നവൻ
തലമുക്കി രക്തത്തിലാദ്യമായി
കരമടിച്ചാർപ്പിട്ടു കാലവും നായൊരു
കരടിയായ്ത്തീരുന്നു കാഴ്ചകാൺകേ.

14. 4. 1125

മാറിനിന്നീടുവിൻ

മാറിനിന്നീടുവിൻ, ഭൂതമേ, നിന്റെയീ
കീറിനാറീടും പഴന്തുന്നിക്കെട്ടുമായ്
പാടിക്കൊഴിഞ്ഞു പഴത്തിലപ്പാറവേ,
ചൂടിക്കഴിഞ്ഞു കിസലയം മാമരം
വർത്തമാനത്തിന്റെ നൃത്തം നടത്തേണ്ട
പാത്തട്ടുപാകുന്ന പുത്തൻ മരുത്തുകൾ.
അന്ധകാരത്തെയടിച്ചിറക്കിക്കുമാ-
ബാന്ധവൻ രാഗം ചൊരിഞ്ഞുനില്ക്കുന്നിതാ
പാരോ കരിന്തുകിൽമാറി പ്രഭാതമാം
നീരാളസാരിയുടുത്തൊരുങ്ങുന്നിതാ
രാത്രിതൻ ധാത്രിമാർ കൂമനും കൂട്ടരും
യാത്രയായ് കൂരിരുൾക്കാട്ടിലൊളിക്കുവാൻ
മാറിനിന്നീടുവിൻ ഭൂതമേ! നിന്റെയീ
താറുമാറായിത്തകർന്ന മാറാപ്പുമായ്
വിസ്തൃതമാകട്ടെ വീഥികൾ, ഭാവിക്കു
തത്തിക്കളിച്ചു തെളിഞ്ഞു നടക്കുവാൻ.

4. 12. 1120.

നിൽക്കയാണവർ

I

ആരുമൊന്നു നടുങ്ങിയോടുന്ന
ക്രൂരഭീകരഭേരികൾ;
നിർദ്ദയംനിന്നു നൃത്തമാടുന്ന
മർദ്ദനത്തിൻെറ മാറ്റൊലി!
ശക്തരൂപിണിമൃത്യുവിന്നൊരു
രക്തപാനമഹോത്സവം!!
എങ്കിലു, മതിൻമുമ്പിലും ചെന്നു
ശങ്കവിട്ടവർനില്ക്കയാം.

II

ഉല്ലസം കൊടുങ്കാററടിക്കുന്നു-
ണ്ടുൾക്കളം കലുഷംപെടി
അന്ധകാരമിരമ്പിയെത്തിയാ
സിന്ധുപോലെയലർച്ചയായ്;
ഞെട്ടിടുന്നു ചരാചര,മിടി-
വെട്ടിടുന്നു വിനാശകം.
ആർത്തുവന്നാപ്രളയവക്ത്രത്തി-
ലാർത്തരോദനമാണ്ടുപോയ്,

നിർഭയം തലപൊക്കിയെങ്കിലും
നില്ക്കയാണവർ മുമ്പിലായ്.

III

നില്ക്കയാണവർ നില്ക്കയാണവർ
നിഷ്ക്കളങ്കരാസേവകർ
നില്ക്കയാണവർ നില്ക്കയാണവർ
നിസ്തുലാദർശനീതരായ്
ശുദ്ധസൌഹൃദവായ്പിനാൽ ലോകം
ഉദ്ധരിക്കുന്നശ്രദ്ധയാൽ,
സ്വന്തജീവിതസൌഖ്യവും സ്വയം
സന്ത്യജിച്ചുതപിച്ചവർ,
നില്ക്കയാണയുവാക്കളാ, യോധർ
നിഷ്ഠയോടുനിരന്നതാ.

1. 8. 1121.

ജനകീയനേതാവേ! കൺതുറക്കൂ

I

അരിശംകൊണ്ടുലറാതെ, അലസനായ് തിരിയാതെ
അഭിവന്ദ്യനേതാവേ! കൺതുറക്കൂ.
കനലിന്റെ മുകളിലായ് കരളിതന്നെരിയുമ്പോഴും
കഴൽകെട്ടിത്തള്ളിയോരാണു ഞങ്ങൾ.
കരമോങ്ങാൻ കഴിവില്ല, കരയാനും തരമില്ല
ദുരിതക്കുത്തേല്ക്കുന്നോരാണു ഞങ്ങൾ
കണവന്മാർ തനയന്മാരിവരെല്ലാം സമരത്തിൽ
നിണമൂറ്റിപ്പോയിട്ടും ഞങ്ങൾ കാത്തു
അധികാരച്ചുമടുമായ് ജനനേതാവണയുന്നോ-
രതിമോഹസ്വപ്നത്തെക്കാത്തു ഞങ്ങൾ
മലചെറ്റിട്ടവസാനം തലപോലും കരളുന്നോ-
രെലിവന്നു ഞങ്ങൾക്കു രക്ഷനൽകാൻ
കനിവിന്റെ കനിയൊന്നു കണികാണ്മാൻ വിനവിങ്ങീ-
ട്ടിനിവച്ചു, ഞങ്ങൾക്കു കാത്തിരിപ്പാൻ.

II

ജനകീയസ്വാതന്ത്ര്യക്കൊടിനാട്ടി, സംതൃപ്ത
ജയഗീതം പാടുന്നാദേശഭക്താ!
അളവറ്റയാതനയ്ക്കവകാശം പേശിക്കൊ-
ണ്ടധികാരം കയ്യാളുന്ന ത്യാഗമൂർത്തേ!

അഭിനവച്ചെങ്കോലിൻ തണലിലും വീശുന്നി-
ല്ലലിവിൻെറയാശ്വാസമാരുതെല്ലും.
അതുലമായ് വാഴ്ത്തുന്ന ജനകീയവാഴ്ചയും
അവശൻെറ കണ്ണുനീരൊപ്പുന്നില്ല.

ജനസേവാമന്ത്രത്താൽ മിഴിതോറും മണ്ണിട്ട
ജനദാസർ ഞങ്ങൾക്കിന്നെന്തു നൽകി?
അരമറയ്ക്കാതിന്നും വെറുമെല്ലിൻകൂടുകൾ
അലയുന്നങ്ങീനാട്ടിൽ മർത്ത്യരായി.

വറുതിയും രോഗവുമറുതിയില്ലാതുള്ള
പൊറുതിമുട്ടിന്നും പൊരിഞ്ഞിടുന്നു.
അഴിമതിയക്രമമിവരണ്ടും പണ്ടേപ്പോൽ
വഴിനീളെത്തുള്ളുന്നു നഗ്നമായി.

കുടിലതപക്കൊള്ളയും കുടിയാട്ടും പോയില്ല;
കുടിലിൻെറ പള്ളയോ പൊള്ളയിന്നും.
സമധർമ്മം സാധിക്കാൻ സമരം ചെയ്യുന്നിട്ടോ
സഹജാതർ സാധുക്കൾക്കെന്തു കിട്ടി.

ധനമദയാനകൾ കൊലവിളിയാണിന്നും
ധരണിയെപ്പേടിയാൽ പാട്ടിലാക്കി.
മുരളുന്ന മൂർഖന്മാർ മുതലാളർ സൂത്രത്തിൽ
ഭരണം തിരിക്കുന്ന സ്വേച്ഛപോലെ

ജനതയ്ക്കായ് സ്വാതന്ത്ര്യസുഖസൌധം തീർക്കുന്ന
ജനകീയനേതാക്കളും നോക്കിനിൽക്കേ,

ജനഹിതം പാടുന്ന പറവകളൊക്കെയും
ജയിലഴിക്കൂട്ടിന്റെയുള്ളിലായി

ചുടുചോരവാർത്തിടും കളിത്തന്നെ ലാത്തികൾ
വെടിപൊട്ടും തോക്കിന്റെ കാവൽനിർത്തി.

III

അടിയോങ്ങിയമരുന്നോരതിദുഃഖം തടയാനായ്
അധികാരം കൈതന്ന ധർമ്മധീരർ!
സമരത്തിൻ കഥയിന്നും സന്തോഷം വിവരിച്ചു
സഹതാപം നേടുന്ന രാജ്യഭക്തർ!

മതി ഞങ്ങൾക്കിനി വേണ്ട മധുഹാസച്ഛവിചേർന്നാ
മധുരിക്കും മാസ്മരവാക്കിലൊന്നും
മണിസൌധം മനതാരിൽ പണിചെയ്യേണ്ടിനിയാരും,
അണിയായിച്ചേരുന്നുണ്ടാർത്തരെല്ലാം.

അടിമത്തച്ചരടറ്റത്തെറിയുമാറന്തകന്നോ
രുവാളിൽ കൈവയ്ക്കുന്നോർത്തരെല്ലാം.
മലയാളമഹിളയ്ക്കുമണിച്ചാർത്തും കരമെന്നും
മുരവിച്ചു മാഴ്കുമെന്നോർത്തിടേണ്ട.
മലതള്ളിക്കടൽപൊക്കിയുടനിളം സമമാക്കും
മഹിതമക്കളേയ്ക്കോട്ടും നേർത്തിടേണ്ട.

കനിവിന്റെ കനിയൊന്നു കണികാണ്മാൻ വിനതിന്നി-
ട്ടിനിവച്ചു ഞങ്ങൾക്കു കാത്തിരിക്കാൻ.

അരിശംകൊണ്ടടിതെറ്റാതവിവേകം പുണരാതെ
അധികാരഗർവ്വേ നീ കൺതുറക്കൂ.

ജനഭേരി പെരുകുന്നു, ജയിലെല്ലാം തകരുന്നു
ജനകീയനേതാവേ! കൺതുറക്കൂ.

4. 12. 1124

മന്ത്രിയുടെ മകൾ

I

അഴകാർന്നോരോമനപ്പൂവനത്തിൽ
ഒഴുകുന്ന ശീതളപ്പൂമണത്തിൽ

അവൾ ചെന്നിട്ടേകയായ് മുങ്ങിനോക്കി
അവിടെയും കണ്ടില്ല ശാന്തിതെല്ലും

ഗതിമുട്ടും ചിന്തകൾമുററിയെങ്ങോ
കുതികൊള്ളാൻ വെമ്പിയാഴത്തടത്തിൽ

അറിയാത്തൊരായിരമാശയങ്ങൾ
ചിറകുവിരിക്കയായുൾക്കളത്തിൽ

അവസാനമാരംഗമാകമാനം
അവതരിച്ചാമനോമണ്ഡലത്തിൽ.

II

മണിമേടയ്ക്കുള്ളിലെഗാനയന്ത്രം
മധുരമായ് മാദകഗീതമൂതി

സഖിമാരും കൂട്ടരും സദ്യയുണ്ടു
സരസമായ് മേളിച്ചുസല്ലപിച്ചു

പരിപുഷ്ടസന്തുഷ്ടിനൃത്തമാടി
പരിസരം സംതൃപ്തമഗ്നമായി

അവളെന്നാലപ്പോഴും ചിന്താതുരമ്
വിവശയായ് വീട്ടമംപൂണ്ടുനിന്നു.

അപരാധംചെയ്തപോൽ വീർപ്പുമുട്ടി
അകതാർ വിറച്ചു വിയർത്തുനിന്നു.

III

പുണരുവാൻ കൈനീട്ടി നിദ്രനിൽക്കും
മണിമച്ചിലാമലർമെത്തയിങ്കൽ

മറവിതൻ മാറിലാക്കൂരിരുട്ടിൽ
മധുവാണിമന്ദമൊളിച്ചുനോക്കി

അവിടെയും പാഞ്ഞു ചെന്നപ്രവാഹം
അഭിനവമർശനമാപ്രകാശം

അണയാത്തവീര്യത്തോടാപ്രസംഗം
അണമുറിച്ചെത്തുകയായിമുമ്പിൽ

പരിചിതമല്ലാത്തോരാമുഖവും
പരിചിൽ തെളിയുകയായിമുന്നിൽ.

IV

പുതുമവിരിച്ചുചിരിച്ചുമന്ദം
പുലരികിഴക്കുനിന്നും തിരിച്ചു.

പുളകംപൊടിച്ചു മലർക്കുടങ്ങൾ
പുതുഗന്ധം താനേ തുറന്നുവച്ചു.

ഇരുളുതളർത്തിയ പൈങ്കിളികൾ
വെളിവിനെ വാഴ്ത്താനൊന്നുപാടി

അവളുടെ ചിന്തകളന്തമില്ലാ-
തലയടിച്ചങ്ങോ മറിഞ്ഞുപോയി.

അരുണന്റെ കൈകൾ തലോടിയിട്ടും
അവളറിയാതെയിരുന്നുപോയി.

V

അലിവററലോകത്തിന്നാക്രമങ്ങൾ
അവശന്റെ ദുഃസ്സഹരോദനങ്ങൾ

അവയെല്ലാം നീക്കുന്നവിക്രമങ്ങൾ
അവനിയെപ്പുൽകുന്നവിപ്ലവങ്ങൾ

അവൾ കണ്ടുവീണ്ടുമാച്ചിത്രങ്ങൾ
അതുലപ്രഭാഷണമുദ്രണങ്ങൾ

അരികിലായ് ദണ്ഡുമുയർത്തിയോങ്ങി
അധികാരം പല്ലുഞെരിച്ചുനിൽക്കെ

അവനന്നും കൂട്ടർക്കാഴ്ചവച്ചു
അഴലിൽപ്പൊതിഞ്ഞൊരാസാന്ത്വനങ്ങൾ

അവയവംതോറും തരിപ്പുകേററി
അലറുന്ന കാഹളമായികാതിൽ.

VI

ഇടയിൽമുഴങ്ങിയൊരട്ടഹാസം
ഇടിവണ്ടിപ്പട്ടാളം വന്നഘോഷം
ഞൊടികൊണ്ടാനിശ്ചലസൌമ്യരംഗം
പടനിലമാക്കിയ ശബ്ദമന്ത്രം.
വടിപോലും വേണ്ടാത്തൊരസ്ഥിബലത്തും
വെടിവെച്ചുധാർഷ്ട്യത്തിൻ ദുഷ്ടതന്ത്രം
ഉടവാൾക്രൂരതയന്നൊട്ടത്തോ-
രടവേവമോർത്തവൾ ഞെട്ടിയിന്നും.
തുടലിട്ടതോക്കിന്നിടിച്ചൊടുക്കം
തടവിലായ്ത്തള്ളിയാനിസ്സഹായൻ
ഇടറാതെവാടാതെനിന്നരക്തം
പൊടിയുന്ന കണ്ണിനാലെയ്യുന്നോട്ടം
വെടിയുണ്ടപോലെ കുതിച്ചുതന്നെ
തുടരുന്നതായുമവൾക്കുതോന്നി.

VII

അകമെരിയുന്നൊരഗ്നിശൈലം
അവളോ നിശ്ശബ്ദം ചുവന്നുപോയി
ഒരുനാളാത്തീമലവിണ്ടുപൊട്ടി
പൊരിപാറിച്ചുററിലും പൊള്ളലേററി

അയലെല്ലാം പാടേ പകച്ചുനില്പായ്
അതിരററൊരത്ഭുതം കാൺകയായി
മുരചിട്ടുവീർപ്പിട്ടു തോഴിമാരും
മുഖമൊട്ടുവീർപ്പിച്ചുനിൽക്കയായി
അധികാരം ചുററിലും കോട്ടകെട്ടി
അതിശക്തമായുധം കാവൽനാട്ടി
അഴലിൻെറയസഹ്യമഹസ്തമെന്നാ-
ലതിനുള്ളിൽനിന്നൊരു മുത്തെടുത്തു

VIII

അഴമതിക്കുട്ടിന്നാട്ടുകലെന്നാലും
മുഴമതിയൊന്നു ചിരിച്ചുദിച്ചു.
അണുപോലും കാരുണ്യമത്രനാളും
കണികാണ്മാൻകിട്ടാത്തൊരത്തുറങ്കിൽ
കനൽചില്ലിവന്നുവിശുദ്ധമായ
കനിവിന്നുറവുകൾ ചെന്നിറങ്ങി
തടവിൻെറ മേടുകളേററുവാടി
തകരും തനവതിലൊന്നമുങ്ങി
പടികാവൽക്കാരൻ പിടഞ്ഞുമാറി
പതിവില്ലാത്തത്തരം ദർശനത്തിൽ

IX

അവളോതി:—"യങ്ങയെക്കാണ്മതിനു-
ള്ളഭിലാഷം മാത്രമല്ലീയിറക്കം,

അപരാധംതിങ്ങുന്നാമേടവിട്ടും
അപമാനംതങ്ങുന്നാ വാടിവിട്ടും
അഴിമതിയക്രമക്കൂട്ടുകെട്ടും
അവസാനിപ്പിച്ചതാണെന്റെയാത്ര—"
"അതുകൊള്ളാം—" ചൊന്നാൾ—"എങ്കി-
ലിന്നീ
മതിലിൻപുറത്തേയ്ക്കിറങ്ങിടുമ്പോൾ
പകയേറും മർദ്ദനം മന്ത്രിതന്റെ
മകളേയും സ്വാഗതം ചെയ്യുമല്ലോ.
കരിമുള്ളും പാറയും പാമ്പുമുള്ള
പെരുവഴിമുമ്പിൽത്തുറക്കുമല്ലോ—"
"അവിടന്നാണതിന്നൊരുക്കമെങ്കിൽ
അതുവഴിതന്നെ ഞാൻ സഞ്ചരിക്കും—"

X

അതുവരെക്കിട്ടാത്തൊരാത്മസൌഖ്യ-
മവനലഭിച്ചാമിഴിനിറഞ്ഞു.
ഉള്ളവരൊരുല്ലാസപ്പുഞ്ചിരിയാൽ
പുളകിതനായവൻ വീർപ്പുവിട്ടു
നടകൊണ്ടാത്തന്വി, മഴക്കുമുമ്പേ
ചുടുകാററുപോലെ ചൊടിപ്പരത്തി
അഴിയണിക്കൂട്ടുകളാശവീശി
വഴിയിലേയ്ക്കപ്പോഴും നോക്കിനിന്നു.
കുയിൽനാദം കേട്ടൊരുപാറപോലെ
ജയിൽകാവൽക്കാരൻ മിഴിച്ചുനിന്നു.

XI

പുലരിയിൽ പിറേറന്നാളാപ്രദേശം
പുതുമയ്ക്കൊരുപുതുപ്പൂവുചാർത്തി
കൊടിയുംപിടിച്ചൊരുപെൺകൊടിയാൾ
നടുവഴിയൂടെ നയിച്ചു ജാഥ.
അഴലിൻെറ മക്കളനേകലക്ഷം
നിഴൽപോലെ പിന്തുടന്നക്കൊടിയെ
ജനകീയമന്ത്രിതൻ മേടനോക്കി
ജനഹിതം പാടാനവരുംതുടങ്ങി.
വെടിവയ്ക്കാൻ കല്പനയ്ക്കാഞ്ഞമന്ത്രി
ത്തൊടികൊണ്ടുതെട്ടിത്തെറിച്ചുപോയി.
ഉപബോധം ശാസിക്കുംപോലെതൻെറ
അപരാധമോരോന്നും വ്യക്തമാക്കി
ഉപദേശംനല്കുന്നോരാമുഖംക-
ണ്ടുടലാടി മന്ത്രിവിറച്ചുപോയി.
അവകാശംചോദിക്കുന്നാക്കൊടിതൻ
അടിയിലുറച്ചുനിന്നാകൃശാംഗി,
മകളല്ല, മർദ്ദിതവിപ്ലവാഗ്നി-
ച്ചുരുളാണെന്നപ്പോളറിഞ്ഞുമന്ത്രി.

22. 12. 49.